**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**നമ്പർ: 287/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും സഹപട്ടക്കാർക്കും ദേശത്തുപട്ടക്കാർക്കും പള്ളി കൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

കർത്താവിൽ പ്രിയരെ,

ക്രിസ്തീയ സഭയുടെ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ടിരിക്കുന്ന വർഷമാണ് എ. ഡി. 325. പീഢനങ്ങൾകൊണ്ട് ശ്വാസം മുട്ടിക്കഴിഞ്ഞിരുന്ന സഭ, 4-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ പരിലാളനയിൽ വളർന്നു വലുതാകുവാൻ തുടങ്ങി. വളർന്നുകൊണ്ടിരുന്ന സഭയിൽ അന്ന് നിലവിലുണ്ടായിരുന്ന അഭിപ്രായഭിന്നതകൾ പരിഹരിക്കുന്നതിനുവേണ്ടി ചക്രവർത്തി തന്നെ നിഖ്യയിൽ വിളിച്ചുചേർത്ത ആദ്യത്തെ ആകമാന സുന്നഹദോസ് സമ്മേളിച്ച വർഷമാണ് എ. ഡി 325. ലോകത്തിലെ ഒട്ടുമിക്ക ക്രൈസ്തവ സഭകളും അംഗീകരിക്കുന്ന നിഖ്യാ വിശ്വാസപ്രമാണം ഉണ്ടായത് ഈ സുന്നഹദോസിൽ വച്ചാണല്ലോ. പിൽക്കാലത്ത് അതിന് ചുരുക്കം ചില മാറ്റങ്ങളെല്ലാം വന്നിട്ടുണ്ട് എങ്കിലും നമ്മുടെ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനം 325-ലെ നിഖ്യാ വിശ്വാസപ്രമാണമാണ്. ഇൻഡ്യയിലെയും പേർഷ്യയിലെയും സഭകൾക്കുവേണ്ടി യൂഹാനോൻ മെത്രാപ്പോലീത്താ പ്രസ്തുത കൂടിവരവിൽ സംബന്ധിച്ചതായി രേഖകൾ സാക്ഷിക്കുന്നു. നിഖ്യായ്ക്കുശേഷം 1700 വർഷങ്ങൾ പൂർത്തിയായിരിക്കുന്ന ഈ അവസരത്തിൽ പുരാതന സഭകളെല്ലാം ആ സംഭവത്തിന്റെ ശതാബ്ദി ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. ആഘോഷങ്ങളുടെ ഭാഗമായി ആധുനിക ടർക്കിയിലെ “ഇസ്നിക്ക്” എന്ന പട്ടണമായ നിഖ്യായിൽ വച്ച് വിവിധ സഭകളുടെ തലവന്മാരും പ്രതിനിധികളും പങ്കെടുത്ത ഒരു പ്രാർത്ഥനാ സംഗമം നടത്തുകയുണ്ടയി. ആയതിൽ ബലഹീനനായ നമുക്കും പങ്കുചേരാനായി എന്നത് മാദ്ധ്യമങ്ങൾ വഴി നിങ്ങൾ അറിഞ്ഞുകാണുമല്ലോ.

പ്രിയരെ, ഈ ശതാബ്ദി വേണ്ടവിധം ആഘോഷിക്കുവാൻ നമുക്കും കടപ്പാടുണ്ട്. ആയതിനാൽ 2025 ഡിസംബർ മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിമുതൽ നമ്മുടെ കോട്ടയം പഴയ സെമിനാരിയിൽ വച്ച് ഒരു ഏകദിന വേദശാസ്ത്ര സെമിനാറും പൊതുസമ്മേളനവും നടത്തുന്നതിന് നാം ആഗ്രഹിക്കുന്നു. അന്നേദിവസം ഉച്ചവരെ വേദശാസ്ത്ര വിദഗ്ദ്ധർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഉച്ചയ്ക്കു ശേഷം നടക്കുന്ന പൊതുസമ്മേളനത്തിൽ നമ്മുടെ സഹോദരീസഭകളിലെ മേൽപ്പട്ടക്കാരും മറ്റു നേതാക്കളും പ്രബോധനങ്ങൾ നൽകും. നിങ്ങളേവരും പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായിത്തീരണം എന്ന് നാം ആഗ്രഹിക്കുന്നു. സാധിക്കുന്ന എല്ലാ വൈദികരും, വിശ്വാസികളും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും അതിൽ വന്നു സംബന്ധിക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടി എല്ലായ്പ്പോഴും ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാമിന്റെയും, ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും, യൽദോ മാർ ബസേലിയോസിന്റെയും, മാർ ഗ്രിഗോറിയോസിന്റെയും, മാർ ദിവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................

2025 ഡിസംബർ മാസം 6-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**